ചോദ്യോത്തരം
മുജീബ്

# ജിഹാദി ഗ്രൂപ്പുകളുടെ പിന്നിൽ അമേരിക്ക?

■ *'70കളുടെ ഒടുവിൽ കമ്യൂണിസത്തെ എതിരിടാൻ ഇസ്‌ലാമിനെ കൂട്ടുപിടിക്കാം എന്ന് യു.എസ് മെനഞ്ഞ തന്ത്രത്തിന്റെ പ്രത്യാഘാതമാണ് ഇന്ന് ലോകത്തിന്റെ പലഭാഗത്തും കാണുന്ന ജിഹാദി ഗ്രൂപ്പുകൾ. ലോകത്ത് അക്രമികളായ ഇസ്‌ലാമിക് ഗ്രൂപ്പുകളെ വളർത്തിയെടുക്കാൻ അമേരിക്ക, ബ്രിട്ടൻ, ചൈന, സുഊദിഅറേബ്യ, ഈജിപ്ത് എന്നിവ മാത്രമല്ല ശ്രമിച്ചിട്ടുള്ളത്. ഇസ്രയേൽ പോലും ഈ ശൃംഖലയുടെ ഭാഗമാണെന്ന് നിരീക്ഷകർ കണ്ടെത്തുന്നു. കശ്മീർ, മധ്യപൂർവേഷ്യ, ബോസ്നിയ, ചെച്നിയ, ഫിലിപ്പീൻസ്, അൾജീരിയ, ഫലസ്ത്വീൻ എന്നിവിടങ്ങളിലും ഈജിപ്തിൽ കോപ്റ്റിക് ക്രൈസ്തവർക്കെതിരെയും വിശുദ്ധയുദ്ധം നയിക്കുന്നത് ഇങ്ങനെ നിലവിൽവന്ന ഗ്രൂപ്പുകളാണ്. പാകിസ്താനിലെ ഹിസ്ബുൽ മുജാഹിദീൻ 30 രാഷ്ട്രങ്ങളിൽ ജിഹാദിനെ സഹായിക്കുന്നതായി അവകാശപ്പെടുന്നു. ജിഹാദികൾ റഷ്യക്കെതിരെ പോരാടുമ്പോൾ അമേരിക്കക്ക് അവർ സ്വാതന്ത്ര്യപോരാളികളായിരുന്നു.*

*നമ്മുടെ നാട്ടിലെ പള്ളിമിമ്പറുകളിൽ പ്രത്യേകിച്ച് ഇസ്‌ലാമിസ്റ്റുകളുടെ ഖുത്വ്ബകളിൽ പോരാളികളായ മുജാഹിദുകൾക്കുവേണ്ടിയും അവരുടെ വിജയത്തിനുവേണ്ടിയും പ്രാർഥിക്കാറുണ്ട്. മുകളിലെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ജിഹാദികൾക്കുവേണ്ടി പ്രാർഥിക്കുന്നതിലെന്തർഥമാണുള്ളത്?! എന്തിന്, ഫലസ്ത്വീനിലെ ഹമാസ്പോലും ഇസ്‌ലാമിക വിരുദ്ധ ശക്തിയുടെ ചട്ടുകമാണെന്ന് കേൾക്കുന്നു. ഒരു വിശദീകരണം?*

***കെ.പി.എ കവ്വായി ,ഒമാൻ***

നന്മയുടെ സംസ്ഥാപനത്തിനും തിന്മയുടെ ഉന്മൂലനത്തിനും ജിഹാദ് അനുപേക്ഷ്യമാക്കിയത് വിശുദ്ധ ഖുർആനും പ്രവാചകനുമാണ്. ആത്മസംസ്കരണം മുതൽ രക്തസാക്ഷിത്വംവരെ നീളുന്ന പ്രക്രിയയാണ് ജിഹാദ്. മുഹമ്മദ് നബി(സ) തുടങ്ങിവെച്ച ജിഹാദ് ഇന്നേവരെ തുടർന്നു വന്നിട്ടുണ്ട്. അല്ലായിരുന്നെങ്കിൽ ദൈവിക സന്മാർഗമായ ഇസ്‌ലാം ലോകത്ത് വ്യാപിക്കുകയോ അപ്രതിരോധ്യശക്തിയായി വളരുകയോ ചെയ്യുമായിരുന്നില്ല. ലോകത്ത് തിന്മയും ഹിംസയും നാശവും മാത്രം വളർത്തുന്ന അധാർമിക ശക്തികൾ ഇസ്‌ലാമിക ജിഹാദിനെ സ്വാഭാവികമായും ഭയപ്പെടുന്നു. അവരാണ് അന്യായവും അയുക്തികവുമായ മനുഷ്യക്കുരുതിയുടെ പേരാണ് ജിഹാദ് എന്ന അസംബന്ധം ലോകത്താകെ പ്രചരിപ്പിക്കുന്നത്. വിവേകശൂന്യരായ ചില വിവരദോഷികൾ ഇസ്‌ലാമിന്റെ പേരിൽ നടത്തുന്ന സായുധ ഭീകരകൃത്യങ്ങൾ തീർത്തും മാനവികവും സൃഷ്ടിപരവുമായ ഇസ്‌ലാമിക ജിഹാദിനെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്നു. ഇവരെ പേടിച്ചു യഥാർഥ ജിഹാദിനെ തള്ളിപ്പറയുന്നത് മണ്ടത്തരമാണ്.

എഴുപതുകൾക്കൊടുവിൽ ബ്രഷ്നേവിന്റെ സോവിയറ്റ് യൂനിയൻ സാഹിർഷാ രാജാവ് ഭരിക്കുന്ന യാഥാസ്ഥിതിക മുസ്‌ലിം രാഷ്ട്രമായ അഫ്ഗാനിസ്താനെ ആക്രമിച്ചു വിഴുങ്ങിയത് ലോകം ഇന്നോളം അംഗീകരിച്ചുവന്ന എല്ലാ രാഷ്ട്രാന്തരീയ നിയമങ്ങളുടെയും നഗ്നമായ ലംഘനമായിരുന്നു. അതിനെതിരെ അഫ്ഗാനികൾ നടത്തിയ പോരാട്ടത്തെ അന്യായമായും ഭീകരതയായും ചിത്രീകരിക്കുന്നവർ, ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെയും സുഭാഷ് ചന്ദ്രബോസിന്റെ സാമ്രാജ്യത്വവിരുദ്ധ പോരാട്ടത്തെയും അങ്ങനെത്തന്നെ കാണണം. അഫ്ഗാനികളുടെ സ്വാതന്ത്ര്യ പോരാട്ടം മുന്നോട്ടുപോയപ്പോൾ പാകിസ്താൻ സർക്കാറുകളും അമേരിക്കയും ചില അഫ്ഗാൻ പോരാട്ട ഗ്രൂപ്പുകളെ സ്വാധീനിക്കാനും ആയുധമണിയിക്കാനും ശ്രമിച്ചിരുന്നു എന്നത് സത്യമാണ്. അതിനർഥം യഥാർഥ ഇസ്‌ലാമിക ചൈതന്യത്തോടെ സ്വന്തം കാലിൽനിന്ന് പൊരുതിയവരും അമേരിക്കൻ ഏജന്റുമാരായിരുന്നു എന്നല്ല; അവരുടെ ജിഹാദ് യഥാർഥ ജിഹാദല്ല എന്നുമല്ല.

ഫലസ്ത്വീനിൽ 1948-ൽ അന്യായമായി സയണിസ്റ്റ് രാഷ്ട്രത്തെ കുടിയിരുത്തിയത് അമേരിക്കയും ബ്രിട്ടനും ഫ്രാൻസും ചേർന്നാണ്. സോവിയറ്റ് യൂനിയനും ഇന്ത്യയുമടക്കം അതിനെ പിന്തുണക്കുകയും ചെയ്തു. അന്ന് സ്വരാജ്യത്തുനിന്ന് പുറംതള്ളപ്പെട്ട മുസ്‌ലിംകളും ക്രൈസ്തവരും മതേതരവാദികളുമടങ്ങുന്ന ഫലസ്ത്വീൻ ജനത ജന്മദേശത്തിന്റെ വീണ്ടെടുപ്പിനു വേണ്ടി സമരമുഖത്താണ്. അതേസമയം 1967-ലെ യുദ്ധത്തിൽ ഇസ്രയേൽ ജോർദാൻ നദിയുടെ പടിഞ്ഞാറെ കരയും സിറിയയിലെ ജൂലാൻ കുന്നുകളും ഈജിപ്തിലെ സീനായ് മേഖലയും പിടിച്ചടക്കി. പിന്മാറാനുള്ള യു.എൻ പ്രമേയം ഇന്നേവരെ ജൂതരാഷ്ട്രം സ്വീകരിച്ചിട്ടില്ല. ഇസ്രയേലും പി.എൽ.ഒയും അമേരിക്കയുടെ മധ്യസ്ഥതയിൽ ഒപ്പിട്ട ഓസ്‌ലോ സമാധാനകരാറും സയണിസ്റ്റുകൾ നടപ്പാക്കിയിട്ടില്ല. ഗത്യന്തരമില്ലാതെ ഹമാസ് കല്ലും തോക്കുമെടുത്തു മൗലികാവകാശങ്ങൾക്കുവേണ്ടി പൊരുതുന്നു. ഇത് തെറ്റാണെങ്കിൽ പിന്നെ അക്രമിയെ അക്രമണ ഫലങ്ങൾ അനുഭവിക്കാൻ അനുവദിക്കുന്നതാണോ ശരി? എല്ലാ അധിനിവേശങ്ങൾക്കും കൂട്ടക്കൊലകൾക്കും മുമ്പിൽ കീഴടങ്ങുന്നതിന്റെ പേരാണോ സമാധാനപരമായ ഇസ്‌ലാം?' കശ്മീർ പ്രശ്നം ഉത്ഭവിച്ചപ്പോൾ തന്നെ ഐക്യരാഷ്ട്രസഭയുടെ പരിഹാര നിർദേശം ഇന്ത്യയും പാകിസ്താനും അംഗീകരിച്ചിരുന്നെങ്കിൽ, പിന്നീട് മൂന്ന് യുദ്ധങ്ങൾക്കും ഇപ്പോഴത്തെ ഭീകര അട്ടിമറികൾക്കും അവസരമുണ്ടാവുമായിരുന്നില്ല. ഭീകരത സ്റ്റേറ്റിന്റേതാണെങ്കിൽ ന്യായമാണ് എന്നുണ്ടോ? ചെച്നിയയെ ജോസഫ് സ്റ്റാലിൻ തികഞ്ഞ ബലപ്രയോഗത്തിലൂടെ സോവിയറ്റ് യൂനിയന്റെ ഭാഗമാക്കി.

തൊണ്ണൂറുകളിൽ സോവിയറ്റ് യൂനിയൻ കഥാവശേഷമാവുകയും റിപ്പബ്ലിക്കുകൾ സ്വതന്ത്രമാവുകയും ചെയ്തിട്ടും ചെച്നിയക്ക് മാത്രം സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടതിന് എന്ത് ന്യായം? നീതി നിഷേധത്തിനെതിരെ ആയുധമെടുക്കുന്നവരുടെ പക്ഷത്ത് ശരിയില്ലെന്നാണോ? ഈജിപ്തിൽ കോപ്റ്റിക് ക്രൈസ്തവർക്കെതിരെ മാത്രമായി ഒരു ജിഹാദും ഉണ്ടായിട്ടില്ല. മനുഷ്യാവകാശധ്വംസനം നടത്തിയ ഭരണകൂടഭീകരതക്കെതിരെ ആയുധമേന്തിയ അൽ ജമാഅത്തുൽ ഇസ്‌ലാമിയ്യ പിന്നീടത് ഉപേക്ഷിച്ചിട്ടുമുണ്ട്. ഇഖ്‌വാനുൽ മുസ്‌ലിമൂൻ കൊടിയ പീഡനങ്ങൾ ഏറ്റുവാങ്ങിയപ്പോഴും സായുധ പ്രതിരോധത്തെ നിരാകരിക്കുകയായിരുന്നു.

യഥാർഥ പോരാളികൾക്ക് വേണ്ടി എന്നും എല്ലായിടത്തും പ്രാർഥിക്കാം, പ്രാർഥിക്കണം. വ്യാജ പ്രചാരണങ്ങളിൽ വീണു ധാർമിക പോരാട്ടവീര്യം കളഞ്ഞുകുളിക്കുന്നത് ആത്മഹത്യാപരമാണ്. വഴിതെറ്റിയ വിപ്ലവകാരികളെയും പ്രതികാരികളെയും സദ്ബുദ്ധി ഉപദേശിച്ചു നേർവഴിയിലേക്ക് തിരിച്ചുകൊണ്ടുവരികയാണ് ജിഹാദിന്റെ താൽപര്യം. വഴങ്ങുന്നില്ലെങ്കിൽ അത്തരക്കാരെ ഒറ്റപ്പെടുത്തണം.

## ഹമീദിയ ത്വരീഖത്ത്!

■ *"ഷാജിയെയും മുനീറിനെയുമൊക്കെ മൗദൂദിസ്റ്റുകൾ മുട്ടുകുത്തിക്കുന്നത് ഇപ്പറഞ്ഞ സമ്പൂർണ ജീവിതവ്യവസ്ഥാ വാദം ഉയർത്തിക്കൊണ്ടാണ്. അതുകൊണ്ട് രാഷ്ട്രീയ ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്യുന്ന ജമാഅത്തെ ഇസ്‌ലാമിയെ ആശയപരമായി നേരിടുന്നവർ കാൽപനികമായ സമ്പൂർണതാവാദം തള്ളിക്കളഞ്ഞേ മതിയാവൂ. തെളിവുകളുടെ ബലത്തിൽതന്നെ അവർക്കത് ചെയ്യാവുന്നതാണ്. ഇസ്‌ലാമിന്റെ ആധാരരേഖയായ ഖുർആൻ 'ഇസ്‌ലാമിക രാഷ്ട്ര'ത്തെക്കുറിച്ച് സംസാരിക്കുന്നേയില്ല. അതിനർഥം 'ഇസ്‌ലാമിക രാഷ്ട്രം' എന്ന പരികൽപന ഒരു പിൽക്കാല സൃഷ്ടിയാണെന്നാണ്. മൗദൂദിസ്റ്റുകൾ ആവേശപൂർവം അവതരിപ്പിക്കുന്ന സമ്പൂർണതാവാദത്തെ ഈവിധം നേരിടാൻ മുനീറിനും ഷാജിക്കും സമാനമനസ്കർക്കും കഴിയാതെ പോകുന്നു. ആശയതലത്തിൽ ജമാഅത്തെ ഇസ്‌ലാമി വിജയിക്കുന്നു എന്നതാണ് ഫലം. ചുരുങ്ങിയപക്ഷം മുനീറിനും ഷാജിക്കും മുഹമ്മദലി ജിന്നയെയെങ്കിലും മാതൃകയാക്കാൻ കഴിയേണ്ടതായിരുന്നു" (മതങ്ങളുടെ രാഷ്ട്രീയക്കളി, ഹമീദ് ചേന്ദമംഗല്ലൂർ, മാതൃഭൂമി ആഴ്ചപ്പതിപ്പ് 86:39). മുജീബിന്റെ പ്രതികരണം.*

***കെ.എം കബീർ ആലുവ***

മതങ്ങൾ അവതരിപ്പിക്കുന്ന ദൈവത്തിൽ താൻ വിശ്വസിക്കുന്നില്ലെന്ന് തുറന്നു പറഞ്ഞ സെക്യുലരിസ്റ്റിന്റെ പാത പിന്തുടരാൻ പോയാൽ മുനീറും ഷാജിയുമൊക്കെ എവിടെയെത്തും എന്ന് അവരാണ് ആലോചിക്കേണ്ടത്. മുഹമ്മദലി ജിന്നയുടെ ഇസ്‌ലാം ഏത് തരത്തിൽപെട്ടതായിരുന്നു എന്നും അവർ മനസ്സിലാക്കാതിരിക്കാൻ വഴിയില്ല. ഇസ്‌ലാമിക രാഷ്ട്രീയത്തെക്കുറിച്ച് ഖുർആൻ സംസാരിക്കുന്നില്ല എന്ന് വാദിക്കാൻ ഒരൊറ്റ കാര്യമേ ചെയ്യേണ്ടതുള്ളൂ; ജീവിതത്തിലൊരിക്കൽ പോലും ആശയം മനസ്സിലാക്കി ഖുർആൻ വായിക്കാതിരിക്കുക! ഖുർആൻ വിവർത്തനമെങ്കിലും ഒരു തവണ മനസ്സിരുത്തി വായിച്ചാൽ, മിനിമം 288 സൂക്തങ്ങൾ വ്യക്തമായും രാഷ്ട്രീയാധ്യാപനങ്ങളാണെന്ന പ്രശസ്ത ഖുർആൻ പണ്ഡിതൻ അബ്ദുൽവഹാബ് ഖല്ലാഫിന്റെ നിരീക്ഷണത്തെ ശരിവെക്കേണ്ടിവരും. പ്രവാചകനും നാലു ഖലീഫമാരും 30 വർഷക്കാലം മാതൃകാപരമായി നടത്തിയ ഭരണരീതിയെയും, അന്ന് മുതൽ ഇന്നുവരെ ഇന്ത്യക്കാരായ ശാഹ്‌വലിയുല്ലാഹിദ്ദഹ്‌ലവിയും മൗലാനാ അബുൽകലാം ആസാദും അടക്കമുള്ള ഇസ്‌ലാമിക ചിന്തകരും പണ്ഡിതന്മാരും അവതരിപ്പിച്ച ഇസ്‌ലാമിക രാഷ്ട്രീയ ഭരണ സങ്കൽപങ്ങളെയും പാടെ തിരസ്കരിക്കുക കൂടി ചെയ്താൽ മുനീർ-ഷാജി പ്രഭൃതികൾക്ക് 'ഹമീദിയ ത്വരീഖത്തി'ന്റെ മുരീദുകളാവുക എളുപ്പമാവും. എലിയെ പേടിച്ചു ഇല്ലം ചുടുക എന്നു പറയാറുണ്ട്. മൗദൂദിയെ പേടിച്ച് ഇസ്‌ലാമിനെ ചുടുക എന്നതാണ് പുതിയ ശൈലി!

## സ്ത്രീ സമത്വവാദത്തിന്റെ മറുവശം

■ *"സ്ത്രീ സമത്വവാദികൾ ആവശ്യപ്പെടുന്ന തരത്തിലുള്ള സ്വാതന്ത്ര്യം ലഭിച്ച നാടുകളിൽനിന്ന് സ്ത്രീപീഡനത്തിന്റെ ഞെട്ടിക്കുന്ന കഥകളാണ് പുറത്തുവരുന്നത്. സ്വാതന്ത്ര്യത്തിന്റെയും അവകാശങ്ങളുടെയും പേരിൽ സ്ത്രീകളെ തെരുവിലേക്ക് വലിച്ചിഴക്കുന്നവർ വീടിനു പുറത്ത് സ്ത്രീകളനുഭവിച്ചുകൊണ്ടിരിക്കുന്ന യാതനകളെ ബോധപൂർവം വിസ്മരിക്കുകയാണ്" - കാന്തപുരം അബൂബക്കർ മുസ്‌ലിയാർ. മുജീബ് എന്തുപറയുന്നു?*

***റശീദ് വെളിയങ്കോട്, അബൂദബി***

സ്ത്രീകൾ ഇസ്‌ലാമിക മര്യാദകൾ പാലിച്ചുകൊണ്ട് പോലും പള്ളിയിൽ പോവരുത്; പ്രബോധന സംസ്കരണ ജനസേവന പ്രവർത്തനങ്ങളിൽ പങ്കാളികളാവരുത്; അടുക്കളയും കിടപ്പറയും മാത്രമാണ് അവരുടെ കർമരംഗം എന്ന പിന്തിരിപ്പൻ സമീപനം ഇസ്‌ലാമികമല്ലെന്ന് ചൂണ്ടിക്കാട്ടുമ്പോൾ തന്നെ, കാന്തപുരം അബൂബക്കർ മുസ്‌ലിയാർ പറഞ്ഞതിലെ ശരി കാണാതിരുന്നു കൂടാ. സ്ത്രീസമത്വവാദികൾ യഥാർഥത്തിൽ സ്ത്രീക്ക് മാന്യതയോ സ്ത്രൈണാവകാശങ്ങളോ മനുഷ്യാവകാശങ്ങൾ പോലുമോ വകവെച്ചുകൊടുക്കുന്നില്ല. ഇറാഖിലെ യാങ്കി പടയിലെ പെണ്ണുങ്ങൾക്ക് പുരുഷന്മാരായ സഹഭടന്മാരെ ഭയന്ന് ടോയ്‌ലറ്റിൽ പോവാൻ പോലും സാധ്യമല്ലാതായിരിക്കുന്നു എന്ന് വെളിപ്പെടുത്തുന്നത് യാങ്കി മീഡിയതന്നെ. പാടില്ലാത്തത് ബഹുഭാര്യത്വമേയുള്ളൂ, ബഹുസ്ത്രീപീഡനം എത്ര അളവിലും ആവാം! ഇന്ത്യയിൽ നടക്കുന്ന സ്ത്രീപീഡനങ്ങളിലധികവും സ്വന്തക്കാരിൽ നിന്നുള്ള ഗാർഹിക പീഡനങ്ങളാണെന്ന് വനിതാ കമ്മീഷനും ചൂണ്ടിക്കാട്ടുന്നു. സ്ത്രീകളെ അടിമകളാക്കുന്ന യാഥാസ്ഥിതികത്വത്തിനും വിൽപന ചരക്കാക്കുന്ന പുരോഗമനത്തിനും മധ്യേയാണ് യഥാർഥ സ്ത്രീനീതി.

## മുസ്‌ലിംകൾക്ക് സംവരണാനുകൂല്യം വേണ്ടെന്നോ?

■ *മുസ്‌ലിംകൾ ഉൾപ്പെടെയുള്ള പിന്നാക്ക വിഭാഗങ്ങൾക്ക് പി.എസ്.സി നിയമനങ്ങളിൽ 50:50 എന്ന തോതിൽ സംവരണം പാലിക്കണമെന്നുള്ള ഹൈക്കോടതി വിധിക്കെതിരെ പി.എസ്.സി സുപ്രീംകോടതിയിൽ അപ്പീൽ നൽകാൻ തീരുമാനിച്ചതിലുള്ള പ്രതിഷേധ സൂചകമായി 18.12.2008-ൽ കേരളത്തിലെ 49ഓളം പിന്നാക്ക സമുദായ സംഘടനകൾ ചേർന്ന് റാലിയും പി.എസ്.സി ഓഫീസിലേക്ക് മാർച്ചും നടത്തി. എന്നാൽ ഈ അവകാശ സംരക്ഷണ മുന്നേറ്റത്തിൽ ജമാഅത്തെ ഇസ്‌ലാമി പങ്കെടുത്തതായി കണ്ടില്ല.*

*50:50 പ്രകാരമുള്ള സംവരണം മുസ്‌ലിംകൾക്ക് വേണ്ടതി*

*ല്ലെന്നു കരുതിയാണോ ജമാഅത്തെ ഇസ്‌ലാമി ഈ മാര്‍ച്ചില്‍നിന്ന് വിട്ടുനിന്നത്?*

***എം.എന്‍ മുഹമ്മദ് കാസിം, കാഞ്ഞിരപ്പളി***

**പി.**എസ്.സി നിയമനങ്ങളിലെ സംവരണ നഷ്ടം ജമാഅത്തെ ഇസ്‌ലാമി മുമ്പേ ചൂണ്ടിക്കാട്ടിയതാണ്. പാലോളി കമ്മിറ്റിക്ക് ജമാഅത്തും പോഷക സംഘടനകളും സമര്‍പ്പിച്ച നിവേദനങ്ങളില്‍ അപാകം പരിഹരിച്ച് 50:50 ഫോര്‍മുല അംഗീകരിപ്പിക്കണമെന്ന് ആവശ്യപ്പെടുകയും പാലോളി കമ്മിറ്റി അത് ശിപാര്‍ശകളില്‍ ഉള്‍പ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പി.എസ്.സി ആസ്ഥാനത്തേക്കുള്ള മാര്‍ച്ച് തീരുമാനിക്കുമ്പോള്‍ ജമാഅത്തെ ഇസ്‌ലാമിയെ അതിലേക്ക് ക്ഷണിച്ചിരുന്നില്ല. ഇത്തരം സമരങ്ങളില്‍ എന്‍.ഡി.എഫുമായി വേദി പങ്കിടേണ്ടതില്ലെന്ന് മുസ്‌ലിം സംഘടനകളുടെ പൊതു തീരുമാനവുമാണ്. സമസ്ത കേരള ജംഇയ്യത്തുല്‍ ഉലമ (ഔദ്യോഗിക വിഭാഗം) മുജാഹിദ് സംഘടനകള്‍ എന്നിവ മാര്‍ച്ചില്‍ പങ്കെടുക്കാതിരുന്നതും അതുകൊണ്ടാണ്. മുസ്‌ലിംലീഗ് നേതൃത്വവും അതില്‍നിന്ന് വിട്ടുനിന്നു.

## സാത്താനിക് വേഴ്‌സസ്

■ *"ചരിത്രം എന്നെ വിമോചകനെന്നു വിളിക്കട്ടെ!..... എട്ടു വര്‍ഷത്തെ പ്രസിഡന്റ് കാലയളവില്‍ ഞാന്‍ നിത്യവും ബൈബിള്‍ പാരായണം ചെയ്യുന്നു. അതില്‍ സമാധാനവും കണ്ടെത്തുന്നു." ബുഷ് (മാധ്യമം 30.11.2008). മുജീബിന്റെ പ്രതികരണം?*

***അലവി വീരമംഗലം***

**പൈ**ശാചിക വചനങ്ങള്‍. ബൈബിളിനെ ദൈവം രക്ഷിക്കട്ടെ. ■